**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

## തീരദേശ പോലീസ് സേനയുടെ നവീകരണം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4261 17/05/2017-ൽ മറുപടിക്ക്**

| **ചോദ്യം**<br>**ശ്രീ.എം. സ്വരാജ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തീരദേശത്തിന്റെ സംരക്ഷണത്തിനായി രൂപീകരിച്ച തീരദേശ പോലീസിന്റെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ)<br>&<br>(ബി) | മറൈൻ ഇന്ത്യാ റിസർവ് ബറ്റാലിയൻ, മറൈൻ പോലീസ് ട്രെയിനിംഗ് സെന്റർ, കോസ്റ്റൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, 19 എം ബോട്ട്സ്, All Terrain Vehicles, ലൈറ്റ് ഹൗസുകൾ, തീരപ്രദേശത്തെ തന്ത്ര പ്രധാന സ്ഥലങ്ങൾ, ഉയർന്ന കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ നിരീക്ഷണത്തിനായി സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ, സാറ്റലൈറ്റ് ഫോൺ ലഭ്യമാക്കൽ എന്നിവ തീരദേശ സുരക്ഷാ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.<br>തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കായി കൊച്ചിയിൽ ഹെഡ്ക്വോർട്ടേഴ്സ് നിർമ്മാണത്തിനായി ജി.ഒ. (ആർറ്റി) നം.785/17/ആഭ്യന്തരം തീയതി 31/03/2017 പ്രകാരം 3,30,00,000/- രൂപ മതിപ്പ തുക കണക്കാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ